III.ഇ.ബി.XII-3-കേരള നിയമസഭ/III-3

# പന്ത്രണ്ടാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

**2006 ഡിസംബർ 29, വെള്ളി**

നിയമസഭ രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. അടിയന്തിര പ്രമേയം

മുഖ്യമന്ത്രിയുടെ അറിവ് കൂടാതെയും ക്യാബിനറ്റിൽ ചർച്ച ചെയ്യാതെയും സംസ്ഥാനത്തെ 5 നഗരസഭകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി എ.ഡി.ബി.യിൽ നിന്ന് 1067 കോടി രൂപ വായ്പ വാങ്ങുന്നതിന് തീരുമാനിക്കുകയും ഗവർണ്ണറുടെ ചുമതലപ്പെടുത്തലില്ലാതെ തുക വാങ്ങുന്നതിന് കരാർ ഒപ്പിടുകയും ചെയ്ത ജനാധിപത്യ മര്യാദകളുടെ ലംഘനവും മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വമില്ലായ്മയും സംബന്ധിച്ച് ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ.കെ.എം. മാണിയും മറ്റു നാല് അംഗങ്ങളും നൽകിയ അടിയന്തിരപ്രമേയാവതരണത്തിന് മുഖ്യമന്ത്രി നൽകിയ മറുപടിയുടെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട 3 സ്പീക്കർ അനുമതി നിഷേധിച്ചതിനെത്തുടർന്ന് പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തു

പോവുകയും അൽപ സമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി സഭാനടപടികളിൽ പങ്കെടുക്കുകയും ചെയ്തു..

II. ശ്രദ്ധക്ഷണിക്കൽ

1) വിദ്യാർത്ഥി സംഘടനകളെ നിരോധിച്ചുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവിന്റെയും കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടത്തുന്നതു സംബന്ധിച്ച് സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടേയും പശ്ചാത്തലത്തിൽ വിദ്യാർത്ഥി സംഘടനാ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. പി. ജയരാജൻ വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി യുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

2) കേരള സർവ്വകലാശാലയിൽ ‘അഫ്സൽ ഉലമ’ കോഴ്സ് നിറുത്ത ലാക്കുന്നതിന് അക്കാദമിക് കൗൺസിൽ തീരുമാനിച്ചതുമൂലം ഉളവായിട്ടുള്ള തായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തിലേയ്ക്ക് ശ്രീ. സി.ടി. അഹമ്മദ് അലി വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണി ക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

III. സബ്മിഷൻ

പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി അധികാരപ്പെടുത്തിയതനുസ രിച്ച് എസ്.എൻ.സി. ലാവ്‌ലിൻ കേസ് സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി പറയുകയും മുഖ്യമന്ത്രി മറുപടി പറയാത്തതിൽ പ്രതിഷേധിച്ച് ശ്രീ. ജി. കാർത്തികേയൻ പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷാംഗങ്ങൾ സഭ വിട്ട് പുറത്തു പോവുകയും

അൽപ സമയത്തിനു ശേഷം സഭയിൽ വീണ്ടും ഹാജരാകുകയും സഭാനട പടികളിൽ പങ്കെടുക്കുകയും ചെയ്തു.

IV. നിയമനിർമ്മാണകാര്യം

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006–ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും.

ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും അംഗങ്ങൾ അവതരിപ്പിച്ച ചില ഭേദഗതികളും സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ നിരാകരിക്കുകയോ ചെയ്തു.

ഉച്ചയ്ക്കുശേഷം 12.30–ന് നിറുത്തിവച്ച സഭ 3 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും പരിഗണനയ്ക്കെടുത്ത വേളയിൽ കാതലായ ഭേദഗതികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് തുടർ ചർച്ചയിൽ പങ്കെടുക്കാതെ പ്രതിപക്ഷാംഗങ്ങൾ സഭവിട്ട് പുറത്തുപോയി.

ബില്ലിന്റെ മൂന്നാം വായനയിൽ പങ്കെടുത്തുകൊണ്ട് സർവ്വശ്രീ പി.സി. ജോർജ്, രാമചന്ദ്രൻ കടന്നപ്പള്ളി, കെ.പി. മോഹനൻ, വി. സുരേന്ദ്രൻപിള്ള, ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. സി. ദിവാകരൻ, ജലവിഭവ വകുപ്പുമന്ത്രി ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ, റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ.പി. രാജേന്ദ്രൻ, മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചുതാനന്ദൻ എന്നിവരും സംസാരിച്ചു.

2006–ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 4.16-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.